പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6034 07/07/2014- ൽ മറുപടിക്ക്

## മാവേലിക്കര മണ്ഡലത്തിലെ മൃഗാശുപത്രികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) മാവേലിക്കര മണ്ഡലത്തിൽ ആകെ എത്ര മൃഗാശുപത്രികൾ നിലവിലുണ്ട് ; | എ) മാവേലിക്കര മണ്ഡലത്തിൽ ആകെ 8 മൃഗാശുപത്രികൾ നിലവിലുണ്ട് ; |
| ബി) സ്വന്തമായി കെട്ടിടമുള്ള മൃഗാശുപത്രികൾ ഏത്; വി.എഫ്.പി.സി.കെ പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര തഴക്കരയിൽ ആരംഭിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) സ്വന്തമായി കെട്ടിടമുള്ള മൃഗാശുപത്രികൾ<br>1. വെറ്ററിനറി പോളിക്ലിനിക്ക് , മാവേലിക്കര<br>2. വെറ്ററിനറി ഡിസ്പെൻസറി, ചുനക്കര<br>3. വെറ്ററിനറി ഡിസ്പെൻസറി, പാറ്റൂർ<br>4. വെറ്ററിനറി ഡിസ്പെൻസറി, വള്ളികുന്ന്.<br>5. വെറ്ററിനറി ഹോസ്പിറ്റൽ, വാത്തികുളം<br>6. വെറ്ററിനറി ഹോസ്പിറ്റൽ, താമരക്കുളം<br>7. വെറ്ററിനറി ഹോസ്പിറ്റൽ, നൂറനാട്<br>8. വെറ്ററിനറി ഡിസ്പെൻസറി, തഴക്കര<br><br>കേരളത്തിലെ കർഷകർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയുടെ ഭാഗമായി , ഗുണമേന്മയുള്ള പച്ചക്കറിത്തൈകൾ ഉല്പാദിപ്പിക്കുവാനുള്ള ദൗത്യം വി.എഫ്.പി.സി.കെ യെ ഏല്പിക്കുകയും, ധനസഹായമായ 11.35 കോടി രൂപ RKVY പദ്ധതിയിൽ വകയിരുത്തുകയും ചെയ്തു. രണ്ട് കോടി പച്ചക്കറിത്തൈകൾ ഒരു വർഷം ഉല്പാദിപ്പിക്കുന്ന ഈ സംരംഭം പൂർണ്ണമായി യന്ത്രവത്കൃതമാണ്. മാവേലിക്കരയിലുള്ള ജില്ലാ ഫാമിലെ 5 ഏക്കർ സ്ഥലമാണ്, ഇന്ത്യയിലെ ഇത്തരത്തിലുള്ള രണ്ടാമത്തെ സംരംഭമായ പ്രസ്തുത പദ്ധതിയ്ക്കായി വി.എഫ്.പി.സി.കെ യ്ക്ക് അനുവദിച്ചിരിക്കുന്നത്. |

| | |
|---|---|
| സി) ഇത് ആരംഭിക്കുന്നതിന്റെ ഭാഗമായി എന്തെങ്കിലും തടസ്സങ്ങൾ നിൽക്കുന്നുണ്ടോ; ഇതിനാവശ്യമായി വരുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) ഇല്ല. മാവേലിക്കര, തഴക്കരയിലുള്ള ജില്ലാ ഫാമിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൃഷി വകുപ്പിന്റെ അനുമതിയോടുകൂടി ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ 5.08 ഏക്കർ സ്ഥലം വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് അനുവദിച്ചിട്ടുണ്ട്. ഈ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| ഡി) മാവേലിക്കര തഴക്കര ഹോർട്ടികോർപ്പിൽ നിലവിൽ ജീവനക്കാരുടെ എണ്ണം കുറവുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറവുണ്ടെങ്കിൽ ഒഴിവ് നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | ഡി) മാവേലിക്കര തഴക്കര ഹോർട്ടികോർപ്പിൽ നിലവിൽ ജീവനക്കാരുടെ എണ്ണത്തിൽ കുറവില്ല. |

സെക്ഷൻ ഓഫീസർ